പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1590 **01-07-2026-ൽ മറുപടിയ്ക്ക്**

കൊച്ചി കരുവേലിപ്പടി താലൂക്ക് ആശുപത്രിയിൽ പോസ്റ്റ്മോർട്ടം സംവിധാനം പുനരാരംഭിക്കുന്നത്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. മുഹമ്മദ് ഷിയാസ് ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) പശ്ചിമ കൊച്ചിയിലെ ജനങ്ങൾ ആശ്രയിക്കുന്ന കരുവേലിപ്പടി ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ മുൻപുണ്ടായിരുന്ന പോസ്റ്റ്മോർട്ടം സംവിധാനം നിലവിൽ നിർത്തിവെച്ചിരിക്കുന്നത് മൂലം മൃതദേഹങ്ങൾ കിലോമീറ്ററുകൾ അകലെയുള്ള എറണാകുളം ജനറൽ ആശുപത്രിയിലേക്കും കളമശ്ശേരി മെഡിക്കൽ കോളേജിലേക്കും കൊണ്ടുപോകേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്.

(ബി) പ്രസ്തുത ആശുപത്രിയിൽ അടിസ്ഥാന സൗകര്യങ്ങളും ഫോറൻസിക് സർജൻ ഉൾപ്പെടെയുള്ള ജീവനക്കാരുടെ സേവനവും ഉറപ്പാക്കിക്കൊണ്ട് മുൻപുണ്ടായിരുന്ന പോസ്റ്റ്മോർട്ടം സംവിധാനം പുനരാരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

മറുപടി: കരുവേലിപ്പടി ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ പോസ്റ്റ്മോർട്ടം പുനരാരംഭിക്കുന്നതിന് സ്ഥിരമായി ഒരു പോലീസ് സർജനെ നിയമിക്കേണ്ടതായിട്ടുണ്ട്. പോലീസ് സർജൻ ഉണ്ടെങ്കിൽ റഫറൻസ് കൂടാതെ എല്ലാ കേസുകളും ഇവിടെ പോസ്റ്റ്മോർട്ടം ചെയ്യാൻ പറ്റുന്നതാണ്. മുൻപ് പോസ്റ്റ്മോർട്ടം ചെയ്തിരുന്ന കെട്ടിടം പ്രവർത്തനമില്ലാതെ കിടക്കുന്നതിനാൽ വൈദ്യുതീകരണം, പ്ലംബിംഗ് ഉൾപ്പെടെയുള്ള അറ്റകുറ്റപണികൾ ചെയ്യുന്നതിനുവേണ്ടി കൊച്ചി മുൻസിപ്പൽ കോർപ്പറേഷന് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ എഞ്ചിനീയറിംഗ് വിഭാഗം പ്രസ്തുത കെട്ടിടം സന്ദർശിക്കുകയും കെട്ടിടത്തിന് ബലക്ഷയമില്ലെന്നും എന്നാൽ ഫ്രീസറുകൾ ഉപയോഗശൂന്യമാണെന്നും ഇലക്ട്രിക്കൽ, പ്ലംബിംഗ് വർക്കുകൾ ചെയ്യണമെന്നും റിപ്പോർട്ട് നൽകുകയും ചെയ്തിരുന്നു. തുടർന്ന് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും പ്ലംബിംഗ്, വയറിംഗ്, സിവിൽ വർക്കുകൾ, ഫ്രീസർ, ജനറേറ്റർ, മാലിന്യ നിർമാർജനം അനുബന്ധ ഉപകരണങ്ങൾ എന്നിവ സജ്ജീകരിക്കണമെന്ന് കാണിച്ച് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ , പോസ്റ്റ്മോർട്ടം പുനരാരംഭിക്കുന്നതിന് 2025-2026 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം പണിയുന്നതിന് എസ്റ്റിമേറ്റ് എടുത്തിട്ടുള്ളതാണെന്നും, ,ഇലക്ട്രിക്, പംബ്ലിംഗ് എന്നിവ എല്ലാം ഉൾപ്പെടുത്തി പ്രവർത്തികൾ 2026മാർച്ചിൽ പൂർത്തീകരിക്കുമെന്നും കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി 25.10.2025 ൽ നൽകിയ മറുപടിയിൽ അറിയിച്ചിരുന്നു.

സെക്ഷൻ ഓഫീസർ